(ഡി) 1. തൊയ്ക്കാവ് - രാജീവ് ഗാന്ധി റോഡ് - 31-3-2011
2. പുളിക്കക്കടവ്-പണ്ഡാരമേട് റോഡ് - 31-3-2011
3. തിരുനെല്ലൂർ - മസ്ജിദ് റോഡ് - 31-3-2011
4. തണ്ണീർക്കായൽ റോഡ് - 15-1-2011

കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ

229(521) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07, 2007-08, 2008-09, 2009-2010, 2010-11 സാമ്പത്തിക വർഷങ്ങളിലായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഫിഷറീസ് വകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നും അതിന്റെ കാരണവും അവ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഇ) എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

പ്രവൃത്തികൾ	അനുവദിച്ച തുക (രൂപ)
(1)	(2)
2006-07	
കായംകുളം മുനിസിപ്പാലിറ്റിയിൽ ഫിഷ് മാർക്കറ്റ് നിർമ്മാണം ഫിഷറീസ് വകുപ്പുമന്ത്രിയുടെ കീഴിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പുമുഖേന താഴെപ്പറയുന്ന പ്രവൃത്തികൾകൂടി ഏറ്റെടുത്ത് നടത്തി വരുന്നു.	11.55 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
2009-10	
(1) ദേവികുളങ്ങര പഞ്ചായത്ത് ആശ്രമത്തിൽ ജംഗ്ഷൻ മുട്ടത്ത്മണ്ണേൽ കടവ് റോഡ്	23.60 ലക്ഷം
(2) പെൻഷൻ വേൻ ചുള്ളയിൽ തോട്ടുമുഖാപ്പ് റോഡ് കായംകുളം മുനിസിപ്പാലിറ്റി	11.20 ലക്ഷം
(3) കവണംപള്ളി പറങ്കാമുട് ജംഗ്ഷൻ റോഡ്- കായംകുളം മുനിസിപ്പാലിറ്റി	17.50 ലക്ഷം
(4) മുക്കട വള്ളിക്കടവ് റോഡ്- ദേവികുളങ്ങര പഞ്ചായത്ത്	32.29 ലക്ഷം
(5) കോമാളിൽ കായൽവാരം ജംഗ്ഷൻ- പനയ്ക്കൽ ജംഗ്ഷൻ-കാട്ടുപുരയിൽ ജംഗ്ഷൻ- കണ്ടല്ലൂർ പഞ്ചായത്ത്	17.40 ലക്ഷം
(6) അണുക്കത്ത് കളീക്കൽ ജംഗ്ഷൻ റോഡ്- കണ്ടല്ലൂർ പഞ്ചായത്ത്.	11.50 ലക്ഷം
(7) ദേവികുളങ്ങര പഞ്ചായത്ത് മുട്ടത്ത്മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം	60 ലക്ഷം
2010-11	
(1) ചക്കിലിക്കടവ്-ഉമ്മർ മുക്ക് റോഡ് മുതുകുളം പഞ്ചായത്ത്	21 ലക്ഷം
(2) കിളിക്കൽ മുക്ക്-മണക്കാട് മുക്ക് റോഡ്- കൃഷ്ണപുരം പഞ്ചായത്ത്	18.50 ലക്ഷം
(3) കിളിമുക്കൽക്കടവ്-മുഴങ്ങോടി കടവ് റോഡ്	13.50 ലക്ഷം
(4) കായംകുളം പുതുപ്പള്ളി ഫിഷ് മാർക്കറ്റ് നിർമ്മാണം	24 ലക്ഷം
(5) കായംകുളം മുനിസിപ്പാലിറ്റിയിലെ വൃന്ദാവനം കടത്തുകടവ് റോഡിന്റെ പുനരുദ്ധാരണം	24.50 ലക്ഷം

(ബി) കായംകുളം മുനിസിപ്പാലിറ്റിയിലെ പുതുപ്പള്ളി ഫിഷ് മാർക്കറ്റ്, പെൻഷൻവേൻ ചുള്ളയിൽ തോട്ടുമുഖാപ്പ് റോഡ് എന്നീ 2 പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) കവണംപള്ളി-പറങ്കാമുട്, മുക്കട-വള്ളിക്കടവ്, അണുക്കത്ത് മുക്ക്-കളിക്കൽ ജംഗ്ഷൻ കോമാളിൽ കായൽവാരം പനക്കൽ ജംഗ്ഷൻ- കാട്ടുപുരയിൽ ജംഗ്ഷൻ, ആശ്രമത്തിൽ ജംഗ്ഷൻ മുട്ടത്ത് മണ്ണേൽക്കടവ് എന്നീ 5 റോഡുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇവ 2011 മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചക്കിലിക്കടവ്-ഉമ്മർമുക്ക്, കിളിക്കൽ മുക്ക്-മണക്കാട് മുക്ക്-കിളിമുക്കൽക്കടവ് മുഴങ്ങാടിക്കടവ്, വൃന്ദാവനം കടത്തുകടവ് എന്നീ 4 റോഡുകളുടെയും മുട്ടത്തുമ്മൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പുതുപ്പള്ളി ഫിഷ് മാർക്കറ്റിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. റോഡുകളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ 2011 ജനുവരിയിൽ ആരംഭിക്കും. മുട്ടത്തുമ്മൽ ഫിഷ് ലാന്റിംഗ് സെന്ററിലെ ഓഫീസ് കെട്ടിടം, ടോയ്ലെറ്റ് ബ്ലോക്ക്, ഓട എന്നീ പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. വാർഫും വല ഹാളും 2009 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ടെണ്ടർ ചെയ്തിരിക്കുന്നതിൽ കാട്ടു ചെയ്ത നിരക്കിന്റെ ഫോം പീരീഡ് നീട്ടിക്കൊടുക്കാൻ കരാറുകാരൻ തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ചയുടൻ ടെൻഡർ ചെയ്യുന്നതാണ്. പുതുപ്പള്ളി ഫിഷ് മാർക്കറ്റിന്റെ ഭരണാനുമതി 2009 ഷെഡ്യൂൾ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റിനാണ് നൽകിയിരിക്കുന്നത്. എന്നാൽ 2010 ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ മേൽ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 2011 ജനുവരി മാസത്തോടെ ടെണ്ടർ ചെയ്യുന്നതാണ്.

(ഇ) എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

230(522) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ നാലര വർഷകാലയളവിനുള്ളിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഇതര ഏജൻസികളും സഹകരണ സ്ഥാപനങ്ങളും പള്ളുരുത്തി മണ്ഡലത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പള്ളുരുത്തി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ നാലര വർഷത്തിൽ ഫിഷറീസ് മേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(1) തിരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി താഴെ പറയുന്നു:

(1) ഫിഷർമെൻ കോളനി റോഡ്, ചെല്ലാനം പൂർത്തീകരിച്ചു.

(2) മണിക്-കണ്ണമാലി റോഡ്, ചെല്ലാനം- പൂർത്തീകരിച്ചു.

(3) ജവഹർ റോഡ്, കുമ്പളങ്ങി- പൂർത്തീകരിച്ചു

(4) ആഞ്ഞിലിത്തറ റോഡ്, കുമ്പളങ്ങി-90% പൂർത്തീകരിച്ചു.

(5) കാട്ടിത്തറ റോഡ്, മരട്-പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly